**പതിനാറാം കേരളനിയമസഭ**

**രണ്ടാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 1599** **16-10-2026-ൽ മറുപടിയ്ക്ക്**

**സ്റ്റേഡിയങ്ങളുടെ നിർമ്മാണ പ്രവൃത്തികൾ**

**ചോദ്യം ഉന്നയിച്ച അംഗങ്ങൾ** **മറുപടി നൽകിയ മന്ത്രി**

ശ്രീ. കെ. യു. ജനീഷ് കുമാർ

ശ്രീ. ഒ. ജെ. ജനീഷ്
(കായികം, യുവജനകാര്യം, രജിസ്ട്രേഷൻ,
മ്യൂസിയം, പുരാവസ്തു & പുരാരേഖ വകുപ്പ് മന്ത്രി)

**(എ)** കോന്നി മണ്ഡലത്തിൽ ഭരണാനുമതി ലഭിച്ച തണ്ണിത്തോട്, കൂടൽ, ഏനാദിമംഗലം പഞ്ചായത്ത് സ്റ്റേഡിയങ്ങളുടെ നിർമ്മാണ പ്രവൃത്തികളുടെ പുരോഗതി വിശദമാക്കാമോ;

**മറുപടി: തണ്ണിത്തോട് ഗ്രാമപഞ്ചായത്ത് സ്റ്റേഡിയം:**ഒരു പഞ്ചായത്തിൽ ഒരു കളിക്കളം പദ്ധതിയിൽ ഉൾപ്പെടുന്ന പത്തനംതിട്ട ജില്ലയിലെ കോന്നി നിയോജക മണ്ഡലത്തിലെ തണ്ണിത്തോട് ഗ്രാമപഞ്ചായത്ത് സ്റ്റേഡിയം നിർമ്മാണ പ്രവൃത്തി നിലവിൽ 75% പൂർത്തിയായി. ടി പദ്ധതിയിൽ പ്രധാനമായും സെവൻസ് മഡ് ഫുട്ബോൾ കോർട്ട്,ബാഡ്മിന്റൺ കോർട്ട്, റീട്ടെയിനിംഗ് വാൾ, ആർ ആർ സ്റ്റെപ്പ് ഗ്യാലറി, 193 മീ. ഫെൻസിംഗ്, ഡ്രെയിനേജ്, ഇലക്ട്രിക്കൽ പ്രവൃത്തികൾ തുടങ്ങിയവയാണ് ഉൾപ്പെട്ടിട്ടുള്ളത്. പ്രവൃത്തികൾ സമയബന്ധിതമായി പൂർത്തീകരിക്കാൻ നിർദേശിച്ചിട്ടുണ്ട്.

**ഏനാദിമംഗലം ഗ്രാമപഞ്ചായത്ത് സ്റ്റേഡിയം:**ഒരു പഞ്ചായത്തിൽ ഒരു കളിക്കളം പദ്ധതിയിൽ ഉൾപ്പെടുന്ന പത്തനംതിട്ട ജില്ലയിലെ കോന്നി നിയോജക മണ്ഡലത്തിലെ ഏനാദിമംഗലം ഗ്രാമപഞ്ചായത്ത് സ്റ്റേഡിയം നിർമ്മാണ പ്രവൃത്തി നിലവിൽ 15% പൂർത്തിയായിട്ടുണ്ട്. നിലവിൽ സംരക്ഷണ ഭിത്തിയുടെ നവീകരണ പ്രവൃത്തികളും ഫെൻസിംഗ്, ഫൂട്ടിംഗ് പ്രവൃത്തികളുമാണ് നടന്നുവരുന്നത്. ചുറ്റും വരുന്ന ഫെൻസിംഗ് പ്രവൃത്തികൾ,സെവൻസ് മഡ് ഫുട്ബോൾ കോർട്ട്, ബാഡ്മിന്റൺ കോർട്ട് നിർമ്മാണം, ഇലക്ട്രിഫിക്കേഷൻ പ്രവൃത്തികൾ എന്നിവയാണ് ഇനി പൂർത്തിയാക്കാനുള്ളത്.

**കലഞ്ഞൂർ ഗ്രാമപഞ്ചായത്തിലെ കൂടൽ സ്റ്റേഡിയം:** ഒരു പഞ്ചായത്തിൽ ഒരു കളിക്കളം പദ്ധതിയിൽ ഉൾപ്പെടുന്ന പത്തനംതിട്ട ജില്ലയിലെ കോന്നി നിയോജക മണ്ഡലത്തിലെ കലഞ്ഞൂർ ഗ്രാമപഞ്ചായത്തിലെ കൂടൽ സ്റ്റേഡിയത്തിൽ അടിസ്ഥാന സൗകര്യ വികസന പ്രവൃത്തി 52% പൂർത്തിയായിട്ടുണ്ട്.സെവൻസ് മഡ് ഫുട്ബോൾ കോർട്ട്, റീട്ടെയിനിംഗ് വാൾ, 254മീ. ഫെൻസിംഗ്, സ്റ്റെപ്പ് ഗ്യാലറി, കുട്ടികൾക്കുള്ള കളിസ്ഥലം, എക്യുപ്മെന്റ്സ് വിതരണം, ഡ്രെയിനേജ്, ഇലക്ട്രിക്കൽ പ്രവൃത്തികൾ തുടങ്ങിയവയാണ് ടി പദ്ധതിയിൽ പ്രധാനമായും ഉൾപ്പെട്ടിട്ടുള്ളത്.ഇതുവരെ ആർ.ആർ.സ്റ്റെപ്പ് ഗ്യാലറിയുടെ ഘടനാപരമായ പ്രവൃത്തികളും പ്ലാസ്റ്ററിംഗ് പ്രവൃത്തികളും ഡ്രെയിനേജ് നിർമ്മാണ പ്രവൃത്തികളും പൂർത്തിയായിട്ടുണ്ട്. കളിക്കളത്തിന് ചുറ്റുമുള്ള ഫെൻസിംഗ് നിർമ്മാണ പ്രവൃത്തികൾ നടന്നുവരുന്നു. അതേസമയം മഡ് കോർട്ട് നിർമ്മാണം, വൈദ്യുതീകരണ ജോലികൾ,

മറ്റ് ഫിനിഷിംഗ് ജോലികൾ എന്നിവ ഇനിയും പൂർത്തിയാക്കുവാനുണ്ട്. പ്രവൃത്തികൾ സമയബന്ധിതമായി പൂർത്തീകരിക്കാൻ നിർദേശിച്ചിട്ടുണ്ട്.

**(ബി)** പ്രസ്തുത പ്രവൃത്തികൾ എന്നത്തേക്ക് പൂർത്തീകരിക്കാനാകുമെന്ന് വ്യക്തമാക്കാമോ;

**മറുപടി:** മുൻ ഖണ്ഡികയിലെ ഉത്തരം

**(സി)** പ്രമാടം രാജീവ് ഗാന്ധി സ്റ്റേഡിയം ആധുനിക നിലവാരത്തിൽ നിർമ്മിക്കുന്നതിന് ന്യൂനപക്ഷ ക്ഷേമ വകുപ്പ് വഴി സ്പോർട്സ് കേരള ഫൗണ്ടേഷൻ സമർപ്പിച്ച പദ്ധതിയുടെ നിലവിലത്തെ സ്ഥിതി വിശദമാക്കാമോ?

**മറുപടി:** കേന്ദ്രാവിഷ്കൃത പദ്ധതിയായ പ്രധാനമന്ത്രി ജൻ വികാസ് കാര്യക്രം (PMJVK) പദ്ധതിയിൽ ഉൾപ്പെടുത്തി പത്തനംതിട്ട ജില്ലയിലെ പ്രമാടം ഗ്രാമപഞ്ചായത്തിൽ സെവൻസ് ഫുട്ബോൾ ടർഫ് നിർമ്മാണ പ്രവൃത്തിയ്ക്ക് 7.7373 കോടി രൂപയുടെ എസ്റ്റിമേറ്റ് തയ്യാറാക്കി ന്യൂനപക്ഷക്ഷേമ വകുപ്പിന് സമർപ്പിച്ചിരുന്നു. ന്യൂനപക്ഷ സർട്ടിഫിക്കറ്റ്, ഭൂമിയുടെ ലഭ്യത സർട്ടിഫിക്കറ്റ്, പ്രാഥമിക പദ്ധതി റിപ്പോർട്ട്, മീഡിയ പ്ലാൻ, പദ്ധതിയുടെ കൂടുതൽ വിശദാംശങ്ങൾ, വകുപ്പ് സെക്രട്ടറിയുടെ ശുപാർശ കത്ത് എന്നീ രേഖകൾ കൂടി ഉൾപ്പെടുത്തി പ്രൊപ്പോസൽ പുതുക്കി സമർപ്പിക്കുവാൻ ന്യൂനപക്ഷക്ഷേമ വകുപ്പ് ഡയറക്ടർ ആവശ്യപ്പെട്ടതിനെ തുടർന്ന് മേൽ രേഖകളെല്ലാം ഉൾപ്പെടുത്തി സ്പോർട്സ് കേരള ഫൗണ്ടേഷൻ പ്രൊപ്പോസൽ പുതുക്കി സമർപ്പിക്കുകയും ചെയ്തു. എന്നാൽ ചീഫ് സെക്രട്ടറിയുടെ നേതൃത്വത്തിൽ നടന്ന സംസ്ഥാനതല മീറ്റിംഗിൽ തയ്യാറാക്കിയ ചെക്ക് ലിസ്റ്റ് പ്രകാരം പ്രൊപ്പോസൽ വീണ്ടും പുതുക്കി സമർപ്പിക്കുവാൻ നിർദേശിച്ചിട്ടുണ്ട്.

**സെക്ഷൻ ഓഫീസർ**